പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.298 03.02.2020-ൽ മറുപടിയ്ക്ക്

# കാഴ്ച പദ്ധതി

ചോദ്യം മറുപടി

ശ്രീ.പുരുഷൻ കടലുണ്ടി

കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും
വനിത-ശിശു വികസനവും വകുപ്പ
മന്ത്രി)

| | |
|---|---|
| (എ) കാഴ്ച പരിമിതിയുള്ളവർക്കായി സ്മാർട്ട് ഫോൺ വിതരണം ചെയ്യുന്ന പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ ;<br><br>(ബി) കാഴ്ച പദ്ധതിയുടെ ഭാഗമായി എത്ര സ്മാർട്ട് ഫോണുകളാണ് ആദ്യഘട്ടം വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; സ്മാർട്ട്ഫോൺ വിതരണം ചെയ്യുന്നതിന് പ്രസ്തുത പദ്ധതി പ്രകാരമുള്ള മാനദണ്ഡങ്ങൾ എന്തെല്ലാ മാണെന്നറിയിക്കാമോ ? | (എ) യും (ബി) യും<br>ഉണ്ട്. കാഴ്ച പദ്ധതിയുടെ ഭാഗമായി കാഴ്ച പരിമിതർക്ക് 1000 സ്മാർട്ട് ഫോണുകളാണ് വിതരണം നടത്തുവാൻ ഉദ്ദേശിക്കുന്നത് . സ്മാർട്ട് ഫോൺ വിതരണവും ആയതിന്റെ ഉപയോഗത്തിന്റെ ട്രെയിനിംഗും നൽകുന്ന പദ്ധതിയാണിത് . ടി പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിൽ 120 കാഴ്ച പരിമിതർക്ക് സ്മാർട്ട് ഫോൺ വിതരണം ചെയ്യുകയും ആവശ്യമായ ട്രെയിനിംഗ് നൽകുകയും ചെയ്തിട്ടുണ്ട്. മറ്റു ജില്ലകളിൽ ഫോൺ വിതരണവും ട്രെയിനിംഗും നൽകുന്നത് സംബന്ധിച്ച ഷെഡ്യൂൾ തയ്യാറാക്കി വരുന്നു.<br><br>കാഴ്ചപരിമിതർക്ക് സ്മാർട്ട്ഫോൺ വിതരണം ചെയ്യുന്നതിന് പ്രസ്തുത പദ്ധതി പ്രകാരമുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു .<br><br>i) 18 വയസ്സിനു മുകളിൽ പ്രായമുള്ള കേരളത്തിലെ സ്ഥിര താമസക്കാർ<br>ii) 40 % ന് മുകളിൽ കാഴ്ച പരിമിതിയുള്ളവർ<br>iii) കഴിഞ്ഞ 6 വർഷത്തിനിടയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നോ മറ്റേതെങ്കിലും സ്ഥാപനങ്ങളിൽ നിന്നോ ലാപ്പ്ടോപ്പ് / ഡെസ്ക്ടോപ്പ് , 5 വർഷത്തിനിടയിൽ മൊബൈൽ ഫോൺ/ |

| | |
|---|---|
| | ടാബ് ലെറ്റ് എന്നിവയൊന്നും ലഭിച്ചിട്ടുള്ളയാൾ ആയിരിക്കരുത്<br>iv) കുടുംബ വാർഷിക വരുമാനം ഒരു ലക്ഷത്തിൽ താഴെയായിരിക്കണം .<br>v)വിദ്യാർത്ഥികൾ , ട്രാൻസ്ജെൻഡേഴ്സ് , സ്ത്രീകൾ എന്നിവർക്ക് മുൻഗണന |

Jasmin Thomas

സെക്ഷൻ ഓഫിസർ